(ബി) 1986-87-ലേയ്ക്കുള്ള തൊണ്ട് സംഭരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) കയർ സഹകരണസംഘങ്ങൾക്കുവേണ്ടി 1985-86ൽ (1985 ജൂലൈ 1-ാം തീയതി മുതൽ 1986 ജൂൺ 14 വരെ) 26.93 കോടി തൊണ്ട് സംഭരിച്ചിട്ടുണ്ട്.

(ബി) തൊണ്ട് സംഭരണത്തിനുവേണ്ടി സ്വീകരിച്ച നടപടികൾ കാണിക്കുന്ന ഒരു കുറിപ്പ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.*

സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ യൂണിറ്റുകൾ

* 76 [77] ശ്രീ. കെ. പുരുഷോത്തമൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, ടി. കെ. അറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ യൂണിറ്റുകൾ ഏതൊക്കെയാണ്;

(ബി) ഓരോന്നിന്റെയും മുതൽമുടക്കെത്ര;

(സി) ഇതിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെത്ര;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ അഹമ്മദ്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13,688 ചെറുകിട യൂണിറ്റുകളും പൊതുമേഖലയിലും സംയുക്ത മേഖലയിലുമായി 88 വൻകിട-ഇടത്തരം വ്യവസായങ്ങളും ആരംഭിച്ചു.

(ബി) വൻകിട-ഇടത്തരം വിഭാഗത്തിൽ ആരംഭിച്ച വ്യവസായങ്ങളുടെ പേരും, അവയുടെ മുതൽമുടക്കും കാണിക്കുന്ന പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്†.

ചെറുകിട - വ്യവസായ യൂണിറ്റുകൾക്കെല്ലാംകൂടി മുതൽമുടക്ക് 140 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു. (ബാദ്ധ യൂണിറ്റുകൾ ഇതിൽ ഉൾപ്പെടുന്നില്ല).

(സി, ഡി) പുതിയ കമ്പനികൾ ആയതിനാൽ പലതിനും ലാഭനഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല.

---

* അനുബന്ധം III

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly